# കണ്ണൂർ സർവ്വകലാശാല കലോത്സവ നിയമാവലി (2022 – 23) വർഷം മുതൽ)

## സർവ്വകലാശാല കലോത്സവങ്ങൾ

### ഉദ്ദേശ്യലക്ഷ്യങ്ങൾ

1.1 വിദ്യാർത്ഥിനി വിദ്യാർത്ഥികളുടെ കലാ സാംസ്കാരിക അഭിരുചികളെ പ്രോത്സാഹിപ്പിക്കാനും, പിന്തുണയ്ക്കാനുമായി കോളേജ് തലത്തിലും സർവ്വകലാശാല തലത്തിലും കലോത്സവങ്ങൾ സംഘടിപ്പിക്കുക.

1.2 യുവാക്കൾക്ക് ഒരു പൊതുവേദിയിൽ, സൗഹൃദപൂർണ്ണമായ അന്തരീക്ഷത്തിൽ ഒത്തുചേരാനും കല, സാഹിത്യം, സംഗീതം, നൃത്തം, നാടകം തുടങ്ങിയ രംഗങ്ങളിൽ അവരുടെ വൈശിഷ്ട്യം പ്രകടിപ്പിക്കുവാനുമുള്ള സന്ദർഭം ഒരുക്കികൊടുക്കുകയും ചെയ്യുക.

1.3 പ്രധാനമായും കലയുടെയും, സംസ്കാരത്തിന്റെയും രംഗങ്ങളിൽ ആരോഗ്യകരമായ പാരമ്പര്യം ഉണ്ടാവുന്ന രീതിയിൽ സൗഹൃദവും സഹവർത്തിത്ത മനോഭാവവും യുവാക്കളിൽ വികസിപ്പിക്കുന്നതിനാവശ്യമായ സന്ദർഭവും സാഹചര്യവും സൃഷ്ടിക്കുക.

1.4 യുവാക്കളുടെ കഴിവും ഊർജ്ജവും നിർമ്മാണാത്മകമായ പ്രയത്നങ്ങളിലേക്ക് തിരിച്ചുവിടുക.

1.5 നമ്മുടെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തെ അറിയുകയും, വിലമതിക്കുകയും അതിൽ അഭിമാനബോധം ഉണ്ടാവുകയും ചെയ്യുന്ന വിധത്തിൽ തിരിച്ചറിവുകൾ ഉണ്ടാക്കുകയും അതു വഴി ദേശീയ ഐക്യവും ഉദ്ഗ്രഥനവും സാധിക്കുകയും ചെയ്യുക

1.6 വൈവിധ്യമാണ് എല്ലാ സംസ്ക്കാരങ്ങളുടേയും അടിസ്ഥാനം എന്ന തിരിച്ചറിവ് ഉണ്ടാക്കുകയും, ഇതര സംസ്കാരങ്ങളോട് ബഹുമാനമുണ്ടാക്കും വിധത്തിൽ ആരോഗ്യകരമായി മത്സരങ്ങളിൽ പങ്കെടുക്കാൻ യുവജനങ്ങൾക്ക് അവസരമൊരുക്കുകയും ചെയ്യുക.

### നിയമാവലി

2.1 ഈ നിയമാവലിയെ ***'കണ്ണൂർ സർവ്വകലാശാല യൂണിയൻ കലോത്സവ നിയമാവലി'*** എന്നു പറയുന്നു.

2.2 സാന്ദർഭികമായ മറ്റു വിവക്ഷകൾ ഇല്ലെങ്കിൽ ഈ നിയമാവലിയിലെ

(എ) '*നിയമം*' (Act) എന്നാൽ കണ്ണൂർ സർവ്വകലാശാല നിയമം1996 എന്നും

(ബി) '*കോളേജ്*' എന്നാൽ കണ്ണൂർ സർവ്വകലാശാല ഭരണത്തിൻ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നും

(സി) '*വിധികർത്താക്കൾ*' എന്നാൽ ഒരു മത്സരത്തിന്റെ ഫലം തീരുമാനിക്കാനായി നിയമിച്ചിട്ടുള്ളവർ എന്നും അർത്ഥം

2.3 ലക്ഷ്യം : കോളേജ് തലത്തിലും സർവ്വകലാശാല തലത്തിലും കലോത്സവങ്ങളെ നിയന്ത്രിക്കുന്നതിനായുള്ള നിയമങ്ങളെ ഏകോപിപ്പിക്കുക

2.4 സാംഗത്യം: കോളേജ് തലത്തിലും സർവ്വകലാശാല തലത്തിലും നടത്തുന്ന കലോത്സവങ്ങളിൽ ഉപയോഗക്ഷമമാണ്.

2.5 ഇതിനോടൊപ്പമുള്ള 'അനുബന്ധ'ത്തിൽ പെടുത്തിയിട്ടുള്ള ഇനങ്ങളിലായിരിക്കും കോളേജ് തലത്തിലും സർവ്വകലാശാല തലത്തിലും മത്സരങ്ങൾ നടക്കുക.

## കോളേജ്തല - മത്സരങ്ങൾ

3.1 കോളേജ് തല മത്സരങ്ങളുടെ നടത്തിപ്പിനായി താഴെ പറയുന്നവർ അടങ്ങിയ ഒരു സമിതി രൂപവൽക്കരിക്കണം (1) പ്രിൻസിപ്പാൾ (2) അദ്ധ്യാപക ഉപദേശകൻ (3) ഫൈൻ ആർട്സ് അഡ്വൈസർ (4) ഫൈൻ ആർട്സ് സെക്രട്ടറി (5) കോളേജ് യൂണിയൻ ചെയർമാൻ (6) കേളേജ് യൂണിയൻ സെക്രട്ടറി (പ്രിൻസിപ്പാളും അദ്ദേഹത്തിന്റെ അഭാവത്തിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന വ്യക്തിയും മറ്റു മൂന്നു പേരും അടങ്ങുന്നതാണ് കോറം)

3.2 ഈ സമിതി തയ്യാറാക്കുന്ന വിധികർത്താക്കളുടെ വിപുലമായ പട്ടികയിൽ നിന്ന് വിധികർത്താക്കളെ പ്രിൻസിപ്പാൾ നിയമിക്കണം. അങ്ങനെ നിയമിക്കപ്പെടുന്നവർ ബന്ധപ്പെട്ട രംഗത്ത് തെളിയിക്കപ്പെട്ട കഴിവുള്ളവരായിരിക്കണം. മത്സരത്തിൽ പങ്കെടുക്കുന്നവരുടെ ബന്ധുക്കളെയോ മത്സര ഇനത്തിന്റെ ഗുരുക്കന്മാരെയോ അവരോട് മറ്റു തരത്തിൽ താത്പര്യമുള്ളവരെയോ വിധികരത്താക്കളായി നിയമിക്കുവാൻ പാടില്ല.

3.3 സ്റ്റേജ് - സ്റ്റേജിതരം എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലായി നൃത്തം, സംഗീതം, ദൃശ്യ-നാടകം, ചിത്രം, സാഹിത്യം എന്നിങ്ങനെ അഞ്ച് ഉപവിഭാഗങ്ങളിലായാണ് മത്സരം നടക്കുക.

3.4 കോളേജ്തല മത്സരങ്ങൾ സർവ്വകലാശാല തല മത്സരങ്ങൾക്ക് വേണ്ടത്ര മുമ്പേ നടത്തിയിരിക്കണം. സർവ്വകലാശാല മത്സരങ്ങളിൽ പങ്കെടുക്കുവാൻ അർഹത നേടിയവരുടെ മുഴുവൻ പേരുവിവരം സർവ്വകലാശാലതല മത്സരങ്ങൾ നടത്തുന്നതിനു 15 ദിവസം മുമ്പെങ്കിലും സമർപ്പിക്കുന്ന വിധത്തിൽ കേളേജ് തല മത്സരങ്ങൾ നടത്തണം.

3.5 കേളേജുതല മത്സരത്തിൽ ഒന്നാം സ്ഥാനം കിട്ടിയവർ മാത്രമേ സർവ്വകലാശാല തലത്തിൽ മത്സരത്തിൽ പങ്കെടുക്കുവാൻ പാടുള്ളൂ.

3.6 പ്രിൻസിപ്പാളിന്റെയും, ഫൈൻ ആർട്സ് അഡ്വൈസറുടെയും കൈയ്യൊപ്പോടുകൂടി, വിവിധ ഇനങ്ങളിൽ മത്സരിക്കുന്നവരുടെ പേരുവിവരങ്ങൾ അടങ്ങിയ പട്ടിക, ഓരോ ഇനത്തിലും പ്രത്യേകം അപേക്ഷാഫോറത്തോടെ, സർവ്വകലാശാല കലോത്സവത്തിന്റെ സംഘാടക സമിതി കൺവീനർക്ക് നിശ്ചയിച്ച തീയ്യതിക്ക് മുമ്പായി എത്തിച്ചിരിക്കണം.

3.7 ഇങ്ങനെയുള്ള അപേക്ഷാഫോറങ്ങളിൽ പങ്കെടുക്കുന്ന ആളുടെ പേര് (ഇംഗ്ലീഷ് വലിയ അക്ഷരങ്ങളിൽ) ക്ലാസ്സ്, പങ്കെടുക്കുന്ന ഇനം, കൈയ്യൊപ്പ് എന്നിവ ഉണ്ടായിരിക്കണം. സംഘ ഇനങ്ങളിൽ പങ്കെടുക്കുന്ന എല്ലാവരുടേയും കൃത്യമായ പേരുവിവരം രേഖപ്പെടുത്തിയിരിക്കണം.

3.8 3.1 ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള സമിതി കോളേജ് തല മത്സരത്തിൽ പങ്കെടുക്കുന്നവരുടെ പരാതികളിന്മേൽ നടപടിയെടുക്കേണ്ട പരമാധികാര സമിതിയാണ്. ആ സമിതിയുടെ തീരുമാനം അന്തിമമാണ്.

## സർവ്വകലാശാലതല മത്സരങ്ങൾ

3.9 സർവ്വകലാശാലതല മത്സരങ്ങൾ സ്റ്റേജിതര, സ്റ്റേജ് എന്നീ വിഭാഗങ്ങളിൽ താഴെ പറയുന്ന അഞ്ച് ഉപവിഭാഗങ്ങളിലായാണ് നടക്കുക

| | |
|---|---|
| 1. സാഹിത്യോത്സവം<br>2. ചിത്രോത്സവം | സ്റ്റേജിതരം |
| 3. സംഗീതോത്സവം<br>4. നൃത്തോത്സവം<br>5. ദൃശ്യ-നാടകോത്സവം | സ്റ്റേജ് |

3.10 സർവ്വകലാശാല കലോത്സവത്തിന്റെ മേൽനോട്ടത്തിനും നിയന്ത്രണത്തിനുമായി ഒരു 'നിയന്ത്രണ അപ്പീൽ സമതി' (Steering and Appellate Committee) ഉണ്ടായിരിക്കും. ആ സമിതിയിൽ താഴെപറയുന്നവർ അംഗങ്ങളായിരിക്കും.

1. പ്രോ വൈസ് ചാൻസിലർ (ചെയർമാൻ)
2. ഡയരക്ടർ ഓഫ് സ്റ്റുഡന്റ് സർവ്വീസസ്
3. വൈസ് ചാൻസിലർ നാമനിർദ്ദേശം ചെയ്യുന്ന ഒരു സിൻഡിക്കേറ്റ് അംഗം
4. കണ്ണൂർ സർവ്വകലാശാല യൂണിയൻ ചെയർമാൻ
5. കണ്ണൂർ സർവ്വകലാശാല യൂണിയൻ സെക്രട്ടറി (കൺവിനർ)
6 പ്രോഗ്രാം കമ്മിറ്റി ചെയർമാൻ

ചെയർമാനും, കൺവീനറും മറ്റു മൂന്നംഗങ്ങളും അല്ലെങ്കിൽ ചെയർമാനോ, കൺവീനറോ മറ്റു മൂന്നംഗങ്ങളും ചേർന്നതാവും കോറം.

3.11 ഈ സമിതി (SAC)ക്ക് കലോത്സവവുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കാനുള്ള അധികാരം ഉണ്ട്. ആവശ്യമെന്നുകണ്ടാൽ കലോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട ഏതു രേഖയും ആവശ്യപ്പെടാനും ഈ സമിതിക്ക് അധികാരമുണ്ടാവും.

3.12 മത്സര ഫലനിർണ്ണയവുമായി ബന്ധപ്പെട്ട പരാതികൾ മത്സര ഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം 2000 രൂപ പ്രതിഷേധ ഫീസ് സഹിതം ജനറൽ കൺവീനർക്ക് രേഖാമൂലം നൽകണം. വിദ്യാർത്ഥികൾ നേരിട്ട് പരാതി നൽകാൻ പാടില്ല. അതാതു കോളേജുകളുടെ പ്രിൻസിപ്പാൾ / ഫൈൻ ആർട്സ് അഡ്വൈസർ എന്നിവരിലൊരാളായിരിക്കണം പരാതി

നൽകേണ്ടത്. പരാതികളിൽ അന്തിമ തീരുമാനം SAC നായിരിക്കും. പരാതിയിന്മേലുള്ള തീരുമാനം കോളേജ് പ്രിൻസിപ്പാൾ / ഫൈൻ ആർട്സ് അഡ്വൈസർക്ക് നൽകേണ്ടതാണ്.

3.13 പ്രതിഷേധ ഫീസ് യാതൊരു കാരണവശാലും തിരിച്ചു നൽകുന്നതല്ല. ഇങ്ങനെ കിട്ടുന്ന തുക കലോത്സവ സംഘാടക സമിതിയുടെ അക്കൗണ്ടിലേക്ക് വരവു വെക്കുന്നതാണ്.

3.14 വിധികർത്താക്കളുടെയും SAC ന്റെയും തീർപ്പുകൾക്കെതിരായി പത്രസമ്മേളനം വിളിച്ചു ചേർക്കുകയോ, പത്രക്കുറിപ്പിറക്കുകയോ പാടില്ല.

3.15 പെരുമാറ്റ ദൂഷ്യം, നിയമ ലംഘനം എന്നീ കാരണങ്ങളാൽ പങ്കെടുക്കുന്ന ഏതൊരാളെയും അതുപോലെ കോളേജിനേയും അയോഗ്യരാക്കാൻ SAC ന് അധികാരമുണ്ടായിരിക്കും.

3.16 കലോത്സവ നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്തം സർവ്വകലാശാല യൂണിയൻ ആയിരിക്കും. സർവ്വകാലാശാലക്ക് കീഴിലുള്ള അംഗീകൃത കോളേജുകളിലോ, സർവ്വകലാശാല ക്യാമ്പസ്സുകളിലോ വെച്ചു മാത്രമേ കലോത്സവം നടത്താൻ പാടുള്ളൂ. യൂണിയന്റെ സഹായത്തിനായി അതാതു ക്യാമ്പസ്സുകളിൽ വിപുലമായ സംഘാടക സമിതിയും ആവശ്യമായ ഉപസിമതികളും രൂപീകരിക്കേണ്ടതാണ്.

3.17 സർവ്വകലാശാല യൂണിയൻ ജനറൽ സെക്രട്ടറിയായിരിക്കും കലോത്സവ സംഘാടക സമിതിയുടെ ജനറൽ കൺവീനർ. സംഘാടക സമിതിക്ക് മറ്റൊരു ജനറൽ കൺവീനർ ഉണ്ടാവാൻ പാടില്ല. അതുപോലെ പ്രോഗ്രാം കമ്മിറ്റി ചെയർമാൻ ഒരു അഫിലിയേറ്റ് കോളേജിലെയോ, സർവ്വകലാശാല ടീച്ചിംഗ് ഡിപ്പാർട്ട്മെന്റിലെയോ ഒരു മുതിർന്ന അദ്ധ്യാപകനും, കൺവീനർ നിലവിലുള്ള സർവ്വകലാശാല യൂണിയനിലെ ഒരു ഭാരവാഹിയുമായിരിക്കണം.

3.18 ഓരോ ഇനത്തിലുള്ള മത്സരത്തിനും വേറെ വേറെ വിധികർത്താക്കളുടെ പട്ടിക സംഘാടക സമിതിയുടെ പ്രോഗ്രാം / ജൂറി ഉപസമിതികൾ ചേർന്ന് തയ്യാറാക്കണം. അതാതു രംഗങ്ങളിൽ തെളിയിക്കപ്പെട്ട പ്രാഗത്ഭ്യമുള്ളവരെ മാത്രമേ വിധികർത്താക്കളായി നിയമിക്കാവൂ. മത്സരത്തിൽ പങ്കെടുക്കുന്നവരോട് ഏതെങ്കിലും തരത്തിലുള്ള താത്പര്യമോ, ബന്ധുത്വമോ ഉള്ള വ്യക്തികളെ വിധികർത്താക്കളാക്കരുത്.

3.19 വിധികർത്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനായി പ്രോഗ്രാം കമ്മിറ്റിക്ക് അകത്ത് ഒരു കോൺഫിഡൻഷ്യൽ ജൂറി കമ്മിറ്റി ഉണ്ടാവണം.

3.20 മത്സരത്തിന് ഓരോ ഇനത്തിനും മൂന്നു മുതൽ അഞ്ച് വരെ വിധികർത്താക്കൾ ഉണ്ടാവണം. അഞ്ചുപേരുണ്ടെങ്കിൽ ഏറ്റവും കുറവും ഏറ്റവും കൂടുതലും മാർക്ക് നൽകിയവരെ ഒഴിവാക്കിക്കൊണ്ട് മറ്റു മൂന്നുപേരുടെ മാർക്കിന്റെ ശരാശരി അടിസ്ഥാനപ്പെടുത്തിയാവണം വിധിനിർണ്ണയം.

3.21 മൂന്നു വിധികർത്താക്കൾ മാത്രമുള്ള സാഹചര്യത്തിൽ വിധിനിർണ്ണയം ഇപ്രകാര മായിരിക്കും. സാധാരണ ഗതിയിൽ മൂന്നു വിധികർത്താക്കളും നൽകിയ മാർക്കുകൾ തമ്മിൽ 20% ൽ അധികം വ്യത്യാസമുണ്ടെങ്കിൽ ഏറ്റവും ഉയർന്നതോ, കുറഞ്ഞതോ (അതാതിന്റെ സ്വഭാവം അനുസരിച്ച്) ആയ മാർക്ക് കണക്കിലെടുക്കേണ്ടതില്ല. മറിച്ച് 20% ൽ അധികം വ്യത്യാസം വരാത്ത മാർക്കുകളുടെ ശരാശരി എടുത്താൽ മതിയാകും.

എന്നാൽ എല്ലാ മൂന്നു മാർക്കുകളും തമ്മിൽ 20% ൽ അധികം വ്യത്യാസം കാണുകയാണെങ്കിൽ (20% ൽ അധികമാണെങ്കിലും) ഏറ്റവും കുറവു വ്യത്യാസമുള്ള രണ്ടു മാർക്കുകൾ എടുത്ത് ശരാശരി കണ്ടെത്താവുന്നതാണ്.

3.22 സർവ്വകലാശാല മത്സരങ്ങൾക്കുള്ള രജിസ്ട്രേഷൻ സമയത്ത് എല്ലാ പ്രൊഫോർമകളും കൃത്യമായി പൂരിപ്പിച്ച് രജിസ്ട്രേഷൻ നടത്തേണ്ടതാണ്. അർഹത സർട്ടിഫിക്കറ്റിൽ (Eligibility Certificate) പറഞ്ഞ ഇടങ്ങളിൽ സാക്ഷ്യപ്പെടുത്തിയ ഫോട്ടോ പതിപ്പിച്ചി രിക്കണം. പ്രിൻസിപ്പാളിന്റെ കൈയ്യൊപ്പും ഉണ്ടായിരിക്കണം.

3,23 ഇതിനു പുറമെ മത്സര ദിവസങ്ങളിലെല്ലാം കോളേജ് തിരിച്ചറിയൽ കാർഡ് (Identity Card) പങ്കെടുക്കുന്നവരെല്ലാം നിർബന്ധമായും കൈവശം വെച്ചിരിക്കണം. അധികൃതർ ആവശ്യപ്പെടുമ്പോൾ തിരിച്ചറിയൽ കാർഡ് കാണിക്കണം.

3.24 ഖണ്ഡിക 3.9ൽ ചേർത്തിരിക്കുന്ന ഓരോ ഇനത്തിനും പ്രത്യേകം വ്യക്തിഗത ചാമ്പ്യൻ ഷിപ്പുകൾ നൽകേണ്ടതാണ്. അതനുസരിച്ച് (1) സാഹിത്യ പ്രതിഭ (2) ചിത്ര പ്രതിഭ (3) സംഗീത പ്രതിഭ (4) നൃത്ത പ്രതിഭ (5) ദൃശ്യ നാടക പ്രതിഭ എന്നിങ്ങനെ 5 പ്രതിഭാ പട്ടങ്ങൾ ഉണ്ടായിരിക്കും.

3.25 വ്യക്തിഗത പ്രതിഭാ പട്ടം നിർണ്ണയിക്കുന്നത് താഴെ പറയുന്ന വിധത്തിലായിരിക്കണം.

1. മത്സരാർത്ഥിക്കു വ്യക്തിഗത ഇനങ്ങളിൽ ലഭിച്ച മൊത്തം പോയിന്റുകളുടെ അടിസ്ഥാനത്തിൽ വേണം പ്രതിഭാപട്ടം നിർണ്ണയിക്കേണ്ടത്.
2. ഒന്നിലധികം പേർക്ക് ഒരേപോയിന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ അവർ നേടിയ ഉയർന്ന സ്ഥാനങ്ങൾ അടിസ്ഥാനമാക്കി പ്രതിഭാ പട്ടം നിർണ്ണയിക്കാം
3. ഈ രണ്ടു രീതിയിലും ഒരേപോലെ വരുന്ന ഒന്നിലധികം പേരുണ്ടെങ്കിൽ പ്രതിഭാ പട്ടം എല്ലാവർക്കുമായി കൊടുക്കണം.

3.26 സംഘ ഇനങ്ങളിൽ കിട്ടിയ സ്ഥാനങ്ങൾ വ്യക്തിഗത പ്രതിഭാ പട്ടം നിർണ്ണയിക്കുന്നതിന് പരിഗണിക്കാൻ പാടില്ല.

3.27 പല വിഭാഗങ്ങളിലായി മത്സരിച്ച് ബഹുമുഖ പ്രതിഭ തെളിയിച്ചവർ ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ചവർക്ക് ആൺ / പെൺ വിഭാഗങ്ങളിലായി യഥാക്രമം സർവ്വകലാശാല പ്രതിഭ (ആൺ) സർവ്വകലാശാല പ്രതിഭ (പെൺ) പട്ടങ്ങൾ കൊടുക്കണം.

3.28 ഒരു മത്സരാർത്ഥി നാലിൽ കൂടുതൽ സ്റ്റേജിതര ഇനങ്ങളിലും നാലിൽ കൂടുതൽ സ്റ്റേജ് ഇനങ്ങളിലും പങ്കെടുക്കാൻ പാടില്ല. എന്നാൽ സംഘ ഇനങ്ങളിൽ ഈ നിബന്ധന ബാധകമല്ല.

3.29 മത്സരത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾക്കു പുറമെ എ, ബി, സി ഗ്രേഡുകളും നൽകുന്നുണ്ട്. ഗ്രേഡുകൾ താഴെ കാണുന്ന വിധത്തിലായിരിക്കണം നൽകേണ്ടത്.

എ ഗ്രേഡ് - 70 ശതമാനവും അതിന് മുകളിലും
ബി ഗ്രേഡ് - 69 ശതമാനവും അതിന് താഴെ 60 ശതമാനം വരെ
സി ഗ്രേഡ് - 59 ശതമാനവും അതിന് താഴെ 50 ശതമാനം വരെ
നോ ഗ്രേഡ് - 50 ശതമാനത്തിന് താഴെ.

3.30 മത്സരത്തിൽ 'എ' ഗ്രേഡോടുകൂടി ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്നവർക്ക് മാത്രമേ ഗ്രേസ് മാർക്കിന് അർഹതയുള്ളൂ.

3.31 നാടക മത്സരത്തിൽ ഏറ്റവും നല്ല നടൻ / നടി എന്നിവർക്ക് 'എ' ഗ്രേഡ് കിട്ടുകയാണെങ്കിൽ വ്യക്തിഗത രീതിയിൽ ഗ്രേസ് മാർക്കിന് അർഹതയുണ്ട്.

3.32 ഓരോ ഉപവിഭാഗത്തിനും പ്രത്യേകം ചാമ്പ്യൻഷിപ്പുകൾ നൽകണം. അതിനു പുറമെ മൊത്തം പോയിന്റിന്റെ അടിസ്ഥാനത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പും.

3.33 സ്റ്റേജിനങ്ങളിലും, സ്റ്റേജിതര ഇനങ്ങളിലും വേറെ വേറെ ഓവറോൾ ചാമ്പ്യൻഷിപ്പും നൽകണം. ഇതിനായി നൽകുന്ന ട്രോഫികൾ 'ഡോ.പി.കെ.രാജൻ മെമ്മോറിയൽ റോളിംഗ് ട്രോഫി' എന്ന് നാമകരണം ചെയ്തിരിക്കുന്നു. ഓരോ ഉപവിഭാഗത്തിനും ഓവറോൾ ചാമ്പ്യൻഷിപ്പിനും ഏർപ്പെടുത്തിയ റോളിംഗ് ട്രോഫികൾക്ക് താഴെപ്പറയുന്ന വിധത്തിൽ പേരു നൽകിയിരിക്കുന്നു.

| | | | |
|---|---|---|---|
| 1 | സാഹിത്യോത്സവം | - | ചന്തുമേനോൻ സ്മാരക ട്രോഫി |
| 2 | ചിത്രോത്സവം | - | പഴശ്ശി കേരളവർമ്മ സ്മാരക ട്രോഫി |
| 3 | സംഗീതോത്സവം | - | ഉബൈദ് സ്മാരക ട്രോഫി |
| 4 | നൃത്തോത്സവം | - | ചന്ദ്രഗിരി അമ്പു സ്മാരക ട്രോഫി |
| 5 | ദൃശ്യ-നാടകോത്സവം | - | വിദ്വാൻ പി. കേളുനായർ സ്മാരക ട്രോഫി |

കലോത്സവത്തിലെ വിജയികൾക്കായി സ്വകാര്യ സംരംഭകർ സ്പോൺസർ ചെയ്യുന്ന നാമകരണം ചെയ്തതോ അല്ലാത്തതോ ആയ ട്രോഫികളോ, സ്മരണികളോ ഏർപ്പെടുത്തണമെങ്കിൽ സർവ്വകലാശാല സിൻഡിക്കേറ്റിന്റെ മുൻകൂർ അനുമതി വാങ്ങിയിരിക്കണം.

3.34 വിജയികൾക്ക് പോയിന്റ് നൽകുന്നത് താഴെപറയുന്ന വിധത്തിലായിരിക്കും. സംഘ ഇന ങ്ങൾക്ക് പ്രത്യേകം പോയിന്റ് ഇല്ല.

| 1-ാം സ്ഥാനം | 2-ാം സ്ഥാനം | 3-ാം സ്ഥാനം |
|---|---|---|
| 5 | 3 | 1 |
| എ ഗ്രേഡ് | ബി ഗ്രേഡ് | സി ഗ്രേഡ് |
| 3 | 2 | 1 |

പോയിന്റുകൾ കണക്കാക്കുന്ന വിധം താഴെ കൊടുക്കുന്നു

| I & A | I & B | I & C |
|---|---|---|
| 8 | 7 | 6 |
| II & A | II & B | II & C |
| 6 | 5 | 4 |
| III & A | III & B | III & C |
| 4 | 3 | 2 |

3.35 ഒരു കോളേജ് / സർവ്വകലാശാല ക്യാമ്പസ്സിൽ നിന്ന് ഖണ്ഡിക 9-ൽ പറഞ്ഞിരിക്കുന്ന അഞ്ച് ഉപവിഭാഗങ്ങളിൽ പങ്കെടുക്കാവുന്ന ഇനങ്ങളുടെ എണ്ണം താഴെ പറയും വിധം നിശ്ചയിച്ചിരിക്കുന്നു.

| ഉപവിഭാഗം | മൊത്തം ഇനങ്ങൾ | ഒരു സ്ഥാപന/ക്യാമ്പസ്സിൽ പങ്കെടുക്കാവുന്ന എണ്ണം |
|---|---|---|
| സാഹിത്യോത്സവം | 59 | 27 |
| ചിത്രോത്സവം | 16 | 9 |
| സംഗീതോത്സവം | 30 | 17 |
| നൃത്തോത്സവം | 22 | 12 |
| ദൃശ്യ-നാടകോത്സവം | 14 | 8 |
| ആകെ | 141 | 73 |

3.36 ആകെ നാലു ഭാഷകളിൽ നാടക മത്സരങ്ങൾ ഉണ്ടെങ്കിലുമൊരു കോളേജ്/ക്യാമ്പസിന് ഏതെങ്കിലും രണ്ട് ഭാഷയിൽ ഓരോ നാടകം അവതരിപ്പിക്കാനേ പാടുള്ളൂ.

3.37 ട്രാൻസ്ജെൻഡർ വിഭാഗത്തിലുള്ളവർക്ക് എല്ലാ മത്സരത്തിലും പങ്കെടുക്കാവുന്നതാണ്.

## <u>സംഘാടക സമിതിയ്ക്കും സർവ്വകലാശാല യൂണിയനുമുള്ള നിർദ്ദേശങ്ങൾ</u>

4.1 സർവ്വകലാശാല യൂണിയൻ കലോത്സവത്തിലെ അഞ്ച് ഉപവിഭാഗങ്ങളിലെ മത്സരങ്ങൾ താഴെ കൊടുത്ത പ്രകാരം നാല് സ്ഥലങ്ങളിലായി നടത്തേണ്ടതാണ്.

- സാഹിത്യോത്സവം & ചിത്രോത്സവം
- സംഗീതോത്സവം
- നൃത്തോത്സവം
- ദൃശ്യ-നാടകോത്സവം

4.2 ഈ വിഭാഗങ്ങളിലെ മത്സരങ്ങൾ വ്യത്യസ്ത സമയങ്ങളിൽ സെപ്തംബർ മുതൽ ഫിബ്രുവരി വരെയുള്ള മാസങ്ങളിൽ അതാതു വർഷത്തേക്ക് തയ്യാറാക്കുന്ന കലോത്സവം കലണ്ടർ അനുസരിച്ച് നടത്തണം

4.3 ഈ കലണ്ടർ ഡയറക്ടർ ഓഫ് സ്റ്റുഡന്റ് സർവ്വീസുമായി കൂടിയാലോചിച്ച് സർവ്വകലാശാല യൂണിയൻ തയ്യാറാക്കണം.

4.4 കണ്ണൂർ സർവ്വകലാശാലയുടെ പരിധി പ്രദേശമായ കാസറഗോഡ്, കണ്ണൂർ, മാനന്തവാടി എന്നിവിടങ്ങളിലെ കോളേജുകൾ / ക്യാമ്പസ്സുകൾ എന്നിവയ്ക്ക് മതിയായ പ്രാതിനിധ്യം ഉറപ്പാക്കുന്ന വിധത്തിലായിരിക്കും കലോത്സവ വേദികൾ തീരുമാനിക്കുന്നത്.

4.5 ഓരോ കലോത്സവവും രണ്ടു ദിവസത്തിനുള്ളിൽ പൂർത്തിയാവണം

4.6 ഏറ്റവും അവസാനം നടക്കുന്ന കലോത്സവത്തിന്റെ സമാപനച്ചടങ്ങായിരിക്കും മൊത്തം നാലു കലോത്സവങ്ങളുടേയും ഔപചാരികമായ സമാപന ചടങ്ങ്.

4,7 നാലു കലോത്സവത്തിന്റെയും വിശദമായ മതിപ്പു ചെലവ് കലോത്സവ കലണ്ടർ തയ്യാറാക്കുമ്പോൾ തന്നെ സമർപ്പിക്കുകയും അംഗീകാരം വാങ്ങുകയും വേണം.

4.8 കേരള സർക്കാറിന്റെ ധനകാര്യ നിയമങ്ങൾ മുഴുവൻ പാലിച്ചുകൊണ്ടായിരിക്കണം ചെലവുകൾ നടത്തേണ്ടതും കണക്കുകൾ സമർപ്പിക്കേണ്ടതും.

4.9 ഓരോ കലോത്സവത്തിനും അനുവദിച്ചു കിട്ടുന്ന പണം സംഘാടക സമിതിയുടെ പ്രോഗ്രാം കമ്മിറ്റി ചെയർമാന്റെയും സർവ്വകലാശാല യൂണിൻ സെക്രട്ടറി (കലോത്സവത്തിന്റെ ജനറൽ കൺവീനർ)യുടേയും സംയുക്ത ബേങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിക്കണം. ഈ ബേങ്ക് അക്കൗണ്ട് പാസ്സ്ബുക്കും, കണക്കുകൾ സമർപ്പിക്കുമ്പോൾ കൂടെയുണ്ടാവണം.

4.10 സംഘാടക സമിതിയുടെ ഉപസമിതികളുടെ ചെലവടക്കം ഒരു കലോത്സവം നടത്താനുള്ള മൊത്തം ചെലവ് പ്രോഗ്രാം കമ്മിറ്റി ചെയർമാൻ സാക്ഷ്യപ്പെടുത്തിയിരിക്കണം.

4.11 മതിപ്പു ചെലവിൽ 10% ഏറ്റക്കുറച്ചിൽ അനുവദനീയമാണ്. അതിൽ കൂടുതലുണ്ടെങ്കിൽ സർവ്വകലാശാല സിൻഡിക്കേറ്റിന്റെ അംഗീകാരത്തോടു കൂടി മാത്രമേ അനുവദിക്കൂ.

4.12 സർവ്വകലാശാല കലോത്സവങ്ങൾക്കായി അനുവദിച്ച തുകയിൽ കൂടുതൽ ഒരു കാരണവശാലും ചെലവു ചെയ്യാൻ പാടില്ല. പരസ്യം, സ്പോൺസർഷിപ്പ്, സംഭാവന, ലോട്ടറി നടത്തൽ തുടങ്ങി ഒരു മാർഗ്ഗത്തിലൂടെയും പണം സംഭവരിച്ച് കലോത്സവങ്ങൾക്കായി ചെലവിടാൻ പാടില്ല.

## സംഘടകസമിതിക്കുള്ള പൊതു മാർഗ്ഗ നിർദ്ദേശങ്ങൾ

4.13 മത്സരത്തിന്റെ ഫലം നിർണ്ണയിക്കുന്ന സ്കോറിംഗ് ഷീറ്റുകളിൽ തിരുത്തലുകളും, മറ്റും ഉണ്ടെങ്കിൽ അതാതു വിധികർത്താക്കളുടെ മുഴുവൻ കൈയ്യൊപ്പും അതിനടിയിൽ ചേർത്തു വാങ്ങിയിരിക്കേണ്ടതാണ്.

4.14 മത്സരങ്ങൾക്കു ശേഷം വിധികർത്താക്കൾ സ്കോറിംഗ് ഷീറ്റുകൾ സ്റ്റേജ് മാനേജർമാർക്ക് കൈമാറണം. സ്റ്റേജ് മാനേജർമാർ അങ്ങനെ ലഭിച്ച സ്കോറിംഗ് ഷീറ്റുകൾ പരിശോധിച്ച് നൽകിയ മാർക്കുകളുടെ കൃത്യമായ പട്ടിക തയ്യാറാക്കണം. ഫലപ്രഖ്യാപനം ഏതെങ്കിലുമൊരു വിധികർത്താവ് നടത്തുന്നതാണ് നല്ലത്.

4.15 ഓരോ മത്സര ഇനവുമായി ബന്ധപ്പെട്ട സ്കോറിംഗ് ഷീറ്റുകൾ ടാബുലേഷൻ ഷീറ്റുകൾ അടക്കം എല്ലാം ഫലപ്രഖ്യാപനത്തിനുശേഷം കവറുകളിൽ മുദ്ര വെച്ച് സൂക്ഷിക്കണം. ഡയരക്ടർ ഓഫ് സ്റ്റുഡന്റ് സർവ്വീസസിന്റെ കൈവശാധികാരത്തിൽ ഇവ ഉണ്ടായിരിക്കുകയും നിയന്ത്രണം അപ്പീൽ സമിതിയുടെ മുന്നിൽ വെച്ച് മാത്രം ആവശ്യമെങ്കിൽ തുറക്കുകയും വേണം.

4.16 വ്യക്തി / സംഘ ഇനങ്ങളിൽ മത്സരിക്കുന്ന ഓരോരുത്തരുടെയും പേരു വിവരം, കോളേജ്, ക്ലാസ്സ് എന്നിവ രേഖപ്പെടുത്തിയ അപേക്ഷാ ഫോറങ്ങൾ സംഘാടക സമിതി കൃത്യമായി സൂക്ഷിക്കണം.

4.17 പ്രതിഭകൾ, നല്ല നടൻ, നല്ല നടി എന്നിവരുടെ പേരു വിരങ്ങളും അവർക്കു കിട്ടിയ പോയിന്റ്, ഗ്രേഡ് എന്നിവയും കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.

4.18 എല്ലാ സർട്ടിഫിക്കറ്റുകളും കലോത്സവം കഴിയുന്നതിനു മുമ്പു തന്നെ തയ്യാറാക്കിയിരിക്കണം.

4.19 സർട്ടിഫിക്കറ്റ് വിതരണവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും സർവ്വകലാശാല യൂണിയൻ ഓഫീസുമായാണു ബന്ധപ്പെടേണ്ടത്.

4.20 പരാതികൾ സ്വീകരിക്കുവാനും അതിന്മേൽ നടപടിയെടുക്കാനുമുള്ള സമിതികൾ സുസംഘടിതമായി പ്രവർത്തിക്കണം.

4.21 സംഘാടക സമിതി പിരിച്ചു വിട്ടതിനു ശേഷം യാതൊരു രേഖകളും അവിടെ സൂക്ഷിക്കാൻ പാടില്ല.

മത്സര ഇനങ്ങളും നിയമ നിബന്ധനകളും

എ. സാഹിത്യോത്സവം

| | | | |
|---|---|---|---|
| 1<br>2<br>3 | ചെറുകഥാരചന<br>കവിതാരചന<br>പ്രബന്ധരചന | | മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഉർദ്ദു, അറബിക്, സംസ്കൃതം, കന്നഡ എന്നീ ഏഴു ഭാഷകളിൽ മത്സരം നടക്കും. ഒരു ഭാഷയിൽ ഒരു കോളേജിൽ നിന്ന് ഒരാൾ മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ. മത്സരസമയം വിഷയം നൽകുന്നത് മുതൽ രണ്ടു മണിക്കൂർ ആണ്. |
| 4 | സിനിമ നിരൂപണം | | ഒരു കോളേജിൽ നിന്ന് ഒരു ഭാഷയിൽ ഒരാൾ മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ. മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിലായിരിക്കും മത്സരം. സംഘാടക സമിതി കാണിച്ചു തരുന്ന ഒരു സിനിമയെയാണ് നിരൂപണം ചെയ്യേണ്ടത്. രചന സമയം 90 മിനുട്ട് |
| 5 | തിരക്കഥ രചന<br>എ) ഡോക്യുമെന്ററി<br>ബി) കഥാചിത്രം | | മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിലായിരിക്കും രണ്ട് തരം തിരക്കഥ രചന മത്സരങ്ങളും നടക്കുക. ഒരു ഭാഷയിൽ ഒരു തരത്തിൽ ഒരു കോളേജിൽ നിന്ന് ഒരാൾ മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ. മത്സരസമയം വിഷയം നൽകുന്നത് മുതൽ രണ്ടു മണിക്കൂർ ആണ്. |
| 6 | പ്രസംഗം | | മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഉർദ്ദു, അറബിക്, സംസ്കൃതം, കന്നഡ എന്നീ ഭാഷകളിലാണ് മത്സരം നടക്കുക. ഒരു കോളേജിൽ നിന്ന് ഒരു ഭാഷയിൽ ഒരാൾ മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ. മത്സരസമയം 5 മിനുട്ടാണ്. വിഷയം 30 മിനുട്ട് മുമ്പ് നൽകും. |
| 7 | കവിതാലാപനം | | മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഉർദ്ദു, അറബിക്, സംസ്കൃതം, കന്നഡ എന്നീ ഭാഷകളിലാണ് മത്സരം. ഒരു കോളേജിൽ നിന്ന് ഒരു ഭാഷയിൽ ഒരാൾക്കു മാത്രമേ പങ്കെടുക്കാനാവൂ. മത്സരസമയം 6 മിനുട്ടാണ്. വൃത്ത നിബന്ധനയില്ല |
| 8 | അക്ഷരശ്ലോകം | | ഒരു കോളേജിൽ നിന്ന് ഒരാൾ മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ. സമയപരിധി വിധികർത്താക്കൾ നിശ്ചയിക്കും. |
| 9 | കാവ്യകേളി | | ഒരു കോളേജിൽ നിന്ന് ഒരാൾ മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ. സമയപരിധി വിധികർത്താക്കൾ നിശ്ചയിക്കും. ഭാഷാവൃത്തത്തിലുള്ള എട്ടുവരികളായിരിക്കും ഒരു യൂണിറ്റ്. |
| 10 | ക്വിസ്സ് | | ഒരു കോളേജിൽ നിന്ന് 2 പേരടങ്ങുന്ന ഒരു ടീമായി മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ. മത്സരസമയം, മൂല്യനിർണ്ണയം, രീതി എന്നിവയെല്ലാം മത്സരം തുടങ്ങുന്നതിന് മുമ്പ് അറിയിക്കും. |
| 11 | ഡിബേറ്റ്<br>മലയാളം<br>ഇംഗ്ലീഷ് | | ഒരു കോളേജിൽ നിന്ന് 2 പേരടങ്ങുന്ന ഒരു ടീമായാണ് ഓരോ ഭാഷയിലെ മത്സരത്തിലും പങ്കെടുക്കേണ്ടത്. മത്സരത്തിനുള്ള വിഷയം മത്സര ദിവസം രാവിലെ തന്നെ നൽകുന്നതാണ്. ഒരു ടീമിലെ ഒരാൾ വിഷയത്തിന് അനുകൂലമായും മറ്റേയാൾ പ്രതികൂലമായും വാദിക്കണം. മത്സരസമയം 10 മിനുട്ടാണ്. |
| 12 | കുറുങ്കഥ | | മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഉർദ്ദു, അറബിക്, സംസ്കൃതം, കന്നഡ |

| | | |
|---|---|---|
| | | എന്നീ ഏഴു ഭാഷകളിൽ മത്സരം നടക്കും. ഒരു എ-ഫോർ പേജിൽ കവിയരുത്. വിവർത്തനം, അനുകരണം എന്നിവ പാടില്ല. രചനകൾ മൗലികവും പുതുമയുള്ളതുമാവണം. രചനാ സമയം ഒരു മണിക്കൂർ. ചിത്രം, ഫോട്ടോഗ്രാഫ്, ദൃശ്യങ്ങൾ, ഇലസ്ട്രേഷൻ എന്നിവയും രചനാ വിഷയമായി നൽകാം. |
| 13 | വിക്കി ആർട്ടിക്കിൾ രചന | മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ മൂന്നു ഭാഷകളിൽ മത്സരം നടക്കും. രണ്ട് എ-ഫോർ പേജിൽ കവിയരുത്. വിവർത്തനം, അനുകരണം എന്നിവ പാടില്ല. രചനകൾ മൗലികവും പുതുമയുള്ളതുമാവണം. രചനാ സമയം രണ്ട് മണിക്കൂർ. ആദ്യത്തെ 1 മണിക്കൂർ റഫറൻസിനാവും. വിക്കിയിൽ ലഭ്യമല്ലാത്തതും പ്രാദേശിക പ്രാധാന്യവുമുള്ള വിഷയങ്ങളാണ് നൽകുക. (ഉദാ – വിക്കിയിൽ ഇല്ലാത്ത എഴുത്തുകാർ/ചരിത്രസംഭവം/സ്ഥലം etc). വിഷയ വുമായി ബന്ധപ്പെട്ട പ്രധാന റഫറൻസ് ഗ്രന്ഥങ്ങൾ നൽകാം. നെറ്റ് റിസോഴ്സ് പ്ലാജിയറിസമാകാതെ മത്സരാർത്ഥികൾക്ക് പ്രയോ ജനപ്പെടുത്താവുന്നതാണ്. |

**<u>ബി. ചിത്രോത്സവം</u>**

| | | |
|---|---|---|
| 1 | പെയിന്റിംഗ്<br>ജലച്ഛായം<br>എണ്ണച്ഛായം<br>പോസ്റ്റർ രചന<br>അക്രിലിക് പെയിന്റിംഗ് | ഒരു കോളേജിൽ നിന്ന് ഒരാൾ മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ. വിഷയം നൽകിയതു മുതൽ 120 മിനുട്ടാണ് മത്സര സമയം. കടലാസ്, ക്യാൻവാസ്, തുടങ്ങിയവ സംഘാടകർ നൽകും. എ-ത്രീ സൈസ് ചാർട്ട് പേപ്പർ നൽകാവുന്നതാണ് (ജലച്ഛായ ത്തിന് എ-ത്രീ ഹാൻഡ് മെയ്ഡ് പേപ്പർ നൽകേണ്ടതാണ്). ബ്രഷ്, നിറം മുതലായവ മത്സരാർത്ഥികൾ തന്നെ കൊണ്ടുവരണം. |
| 2 | ചിത്രരചന<br>പെൻസിൽ ഡ്രോയിംഗ്<br>ചാർക്കോൾ ഡ്രോയിംഗ്<br>കാർട്ടൂൺ രചന<br>ക്യാരിക്കേച്ചർ രചന | ഒരു കോളേജിൽ നിന്ന് ഒരാൾ മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ. വിഷയം നൽകിയതു മുതൽ 120 മിനുട്ടാണ് മത്സര സമയം. കടലാസ് സംഘാടകർ നൽകും. സാമഗ്രികൾ മത്സരാർത്ഥികൾ കൊണ്ടുവരണം.<br>പെൻസിൽ ഡ്രോയിംഗ് - എ-ത്രീ സൈസ് ചാർട്ട് പേപ്പർ നൽകാവുന്നതാണ്.<br>ചാർക്കോൾ ഡ്രോയിംഗ് - എ-ത്രീ സൈസിനും എ-ഫോർ സൈസിനും ഇടയിലുള്ള ചാർട്ട് പേപ്പർ നൽകാവുന്നതാണ്. വിഷയമായ് ഒരു പോർട്രേയ്റ്റ് അല്ലെങ്കിൽ മോഡൽ നൽകാവു ന്നതാണ്. |

| | | | |
|---|---|---|---|
| | | | കാർട്ടൂൺ രചന - ലളിതമായ ആവിഷ്കാരം. ആശയത്തിന് പ്രാധാന്യം കൊടുത്തുള്ള സ്കെച്ചുകൾ. എ-ത്രീ സൈസിനും എ-ഫോർ സൈസിനും ഇടയിലുള്ള ചാർട്ട് പേപ്പർ നൽകാവുന്നതാണ്. ഒറ്റ കോളമായോ ഒന്ന് മുതൽ നാല് കോളം വരെ ഉൾക്കൊള്ളിച്ചോ ചെയ്യാവുന്നതാണ്. കാരിക്കേച്ചർ രചന - എ-ത്രീ സൈസിനും എ-ഫോർ സൈസിനും ഇടയിലുള്ള ചാർട്ട് പേപ്പർ നൽകാവുന്നതാണ്. വിഷയമായി ഒരു പ്രശസ്ത വ്യക്തിയുടെ ചിത്രം നൽകണം. ലളിതമായ സ്ട്രോക്കുകൾ കൊണ്ടോ നിറം നൽകിയോ അതിശയോക്തിപരമായി ചിത്രങ്ങൾ തയ്യാറാക്കാം. |
| 3 | കൊളാഷ് | | ഒരു കോളേജിൽ നിന്ന് ഒരാൾ മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ. വിഷയം നൽകിയതു മുതൽ 150 മിനുട്ടാണ് മത്സരസമയം. മത്സരത്തിനുള്ള സാമഗ്രികൾ പങ്കെടുക്കുന്നവർ തന്നെ കൊണ്ടുവരണം. |
| 4 | കളിമൺ പ്രതിമ നിർമ്മാണം | | ക്ലേ മിസ്ക് ചെയ്യാൻ 15 മിനുട്ട് സമയം അനുവദിക്കണം. ഒരു കോളേജിൽ നിന്ന് ഒരാൾ മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ. വിഷയം നൽകിയതു മുതൽ 150 മിനുട്ടാണ് മത്സര സമയം. മത്സരത്തിനായുള്ള കളിമണ്ണ് സംഘാടകർ നൽകും. കൂടാതെ മത്സരാർത്ഥികൾക്കും അവർക്ക് ആവശ്യമുള്ള കളിമണ്ണ് കൊണ്ടു വരാവുന്നതാണ്. മറ്റ് സപ്പോർട്ടിങ് സാധനങ്ങളും ഉപകരണങ്ങളും മത്സരാർത്ഥികൾ തന്നെ കൊണ്ടുവരേണ്ടതാണ്. ഒരു മോഡൽ നൽകിയോ ഒരു വിഷയത്തെ ആധാരമാക്കിയോ 15 ഇഞ്ചിൽ കുറയാത്ത നീളമുള്ള ശില്പങ്ങൾ വേണം തയ്യാറാക്കാൻ. മത്സരാർത്ഥികൾ പരസ്പരം കാണാത്തവിധം ക്രമീകരിക്കാൻ സംഘാടകർ ശ്രദ്ധിക്കേണ്ടതാണ്. |
| 5. | എംബ്രോയിഡറി | | ഒരു കോളേജിൽ നിന്ന് ഒരാൾ മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ പാടുള്ളൂ. തുണി സംഘാടകർ തരും. വിഷയം നൽകിയതു മുതൽ 120 മിനുട്ടാണ് സമയം. വിവിധ തയ്യലുകൾ (സ്റ്റിച്ച്) ഉപയാഗിച്ച് പൂക്കൾ മാതൃക (ചിത്രം നൽകേണ്ടതാണ്) തയ്യാറാക്കേണ്ടതാണ്. സ്റ്റിച്ചുകളുടെ എണ്ണത്തിന് പ്രാധാന്യം. വിവിധ നിറങ്ങളുള്ള നൂലുകൾ ഉപയോഗിച്ച് ചിത്രത്തിന് പൂർണ്ണമായി ഫിൽ ചെയ്ത് നിറം നൽകണം. |
| 6. | പൂക്കളം | | ഒരു കോളേജിൽ നിന്ന് മൂന്നുപേരടങ്ങിയ ഒരു ടീമായി വേണം പങ്കെടുക്കാൻ. മത്സരത്തിൽ പൂക്കൾ മാത്രമേ ഉപയോഗിക്കാവൂ. കളങ്ങളായി നിലം കാണാതെ അവസാനം വൃത്താകൃതിയിൽ |

| | | |
|---|---|---|
| | | വേണം പൂക്കളങ്ങൾ തീർക്കാൻ. ചിത്രങ്ങൾക്കോ ആശയങ്ങൾക്കോ ഉപരി കളങ്ങൾക്കാണ് പ്രാധാന്യം. 2.5 മീറ്റർ നീളത്തിനുള്ളിൽ വേണം പൂക്കളം ഒരുക്കാൻ. സ്കെയിൽ, നൂല്, ചോക്ക്, പെൻസിൽ എന്നിവ ഉപയോഗിക്കാം. മറ്റ് ചിത്രങ്ങളോ അച്ചുകളോ പ്രിന്റുകളോ ഉപയോഗിച്ച് പൂക്കളം നിർമ്മിക്കരുത്. പൂക്കൾ മത്സരിക്കുന്നവർ തന്നെ കൊണ്ടുവരണം. സമയം 180 മിനുട്ട്. |
| 7. | രംഗോളി | ഒരു കോളേജിൽ നിന്ന് ഒരാൾ മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ. വിഷയം നൽകിയ ശേഷം 120 മിനുട്ടാണ് മത്സരസമയം. മത്സരത്തിനായി നൽകിയ നിശ്ചിത സ്ഥലത്തു തന്നെ വേണം രംഗോളി നിർമ്മിക്കാൻ. പ്രകൃതി ദത്തമായ വസ്തുക്കളിൽ നിന്ന് കിട്ടുന്ന നിറപ്പൊടികൾ, കടകളിൽ നിന്ന് വാങ്ങാൻ കിട്ടുന്നവ എന്നിങ്ങനെ ഏതെങ്കിലും ഒരു മാധ്യമമേ ഉപയോഗിക്കാവൂ. പരമ്പരാഗത കോല രൂപങ്ങളോ സ്വന്തം ആഖ്യാനങ്ങളോ ആകാവുന്നതാണ്. കൈകൊണ്ട് ഡോട്ട് ഇട്ട് വേണം കളങ്ങൾ വരയ്ക്കാൻ. കളങ്ങൾ നിറം കൊണ്ട് ഫിൽ ചെയ്യണം. ചിത്രങ്ങൾക്കു പകരം കളങ്ങൾക്കു പ്രാധാന്യം നൽകേണ്ടതാണ്. 1.5 മീറ്റർ നീളത്തിനുള്ളിൽ വേണം രംഗോളി നിർമ്മിക്കാൻ. പകർത്തി വരയ്ക്കാൻ പാടില്ല. ഫിനിഷിംഗിനായി മാത്രം സ്കെയിൽ ഉപയോഗിക്കാം. അരിപ്പൊടി, മഞ്ഞൾപ്പൊടി, കരിപ്പൊടി പോലുള്ളവ ഉപയോഗിക്കാൻ പാടില്ല. |
| 8 | ഫോട്ടോഗ്രാഫി | ഒരു കോളേജിൽ നിന്ന് ഒരാൾ മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ. ക്യാമറ മത്സരാർത്ഥി തന്നെ കൊണ്ടുവരണം. സമയവും വിഷയവും വിധികർത്താക്കൾ നിശ്ചയിക്കും. പ്രിന്റ് സംഘാടകരുടെ ചുമതലയാണ്. |
| 9 | കംപ്യൂട്ടർ ഡിസൈനിംഗ് | ഒരു കോളേജിൽ നിന്ന് ഒരാൾ മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ. ആവശ്യമായ സിസ്റ്റമുകൾ സംഘാടകർ ഒരുക്കും. വിഷയം നൽകിയതു ശേഷം 90 മിനുട്ടാണ് സമയം. ജിംപ് (JIMP) സോഫ്റ്റ് വെയർ ഉപയോഗിച്ചുകൊണ്ടുമാത്രമേ ഡിസൈൻ ചെയ്യാവൂ. വിഷയം മത്സരത്തിനു തൊട്ടു മുൻപ് നൽകുന്നതാണ്. |
| 10 | മെഹന്തി ഡിസൈൻ (മൈലാഞ്ചി ഇടൽ) വനിതകൾക്ക് മാത്രം | പങ്കെടുക്കേണ്ടത് രണ്ട് പേർ. അംഗങ്ങളിൽ ഒരാളുടെ രണ്ട് കൈകളിലും മൈലാഞ്ചികൊണ്ട് ഡിസൈൻ തീർക്കണം. മത്സരത്തിനായുള്ള വസ്തുക്കൾ മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്. സമയം രണ്ടര മണിക്കൂർ. |

__സി – സംഗീതോത്സവം__

| | | | |
|---|---|---|---|
| 1 | ലളിത സംഗീതം<br><br>ആൺ<br>പെൺ | | ഒരു കോളേജിൽ നിന്ന് ഒരു ആൺകുട്ടിക്കും ഒരു പെൺ കുട്ടിക്കും പങ്കെടുക്കാം. അകമ്പടി പാടില്ല. മത്സര സമയം 5 മിനുട്ടാണ്. സിനിമാഗാനങ്ങൾ ആലപിക്കാൻ പാടില്ല. |
| 2 | കർണ്ണാടക സംഗീതം<br><br>ആൺ<br>പെൺ | | ഒരു കോളേജിൽ നിന്ന് ഒരു ആൺകുട്ടിക്കും ഒരു പെൺകുട്ടിക്കും പങ്കെടുക്കാം. മത്സര സമയ 12 മുതൽ 15 വരെ മിനുട്ടാണ്. ഒരാൾക്ക് രണ്ടുപേരെ അകമ്പടിയായി കൊണ്ടു വരാം. ഇലക്ട്രോണിക് സംഗീതോകരണങ്ങൾ ഉപയോഗിക്കാൻ പാടില്ല. |
| 3 | ഹിന്ദുസ്ഥാനി സംഗീതം<br><br>ആൺ<br>പെൺ | | ഒരു കോളേജിൽ നിന്ന് ഒരു ആൺകുട്ടിക്കും ഒരു പെൺകുട്ടിക്കും പങ്കെടുക്കാം. മത്സര സമയം 12 മുതൽ 15 വരെ മിനുട്ടാണ്. ഒരാൾക്ക് രണ്ടുപേരെ അകമ്പടിയായി കൊണ്ടു വരാം. ഇലക്ട്രോണിക് സംഗീതോകരണങ്ങൾ ഉപയോഗിക്കാൻ പാടില്ല. |
| 4 | സംഘഗാനം<br><br>ഇന്ത്യൻ<br>പാശ്ചാത്യം | | ഒരു കോളേജിൽ നിന്ന് 8 പേരുള്ള ഒരു ടീം ആയാണ് പങ്കെടു ക്കേണ്ടത്. സമയപരിധി 10 മിനുട്ടാണ്. അകമ്പടി വാദ്യങ്ങൾ പങ്കെടുക്കുന്നവർ തന്നെ വായിക്കണം. ഇന്ത്യൻ രീതിയിൽ സിനിമാപാട്ടുകൾ പാടാൻ പാടില്ല. പാട്ടിന്റെ നിലവാരമല്ലാതെ, ചമയം, ആഭരണങ്ങൾ, വസ്ത്രശോഭ, ചലനങ്ങൾ എന്നിവ യൊന്നും മൂല്യനിർണ്ണയത്തിൽ പ്രസക്തമല്ല. |
| 5 | പാശ്ചാത്യ സംഗീതം<br><br>വ്യക്തിഗതം | | ഒരു കോളേജിൽ നിന്ന് ഒരാൾക്ക് മാത്രമേ പങ്കെടുക്കാനാവൂ. സമയപരിധി 5 മിനുട്ടാണ്. പാട്ടിന്റെ ഭാഷ ഇംഗ്ലീഷ് ആയിരിക്കണം. വാദ്യോപകരണം പങ്കെടുക്കുന്നവർ തന്നെ വായിക്കണം. |
| 6. | മാപ്പിളപ്പാട്ട്<br><br>വ്യക്തിഗതം | | ഒരു കോളേജിൽ നിന്ന് ഒരാൾക്ക് മാത്രമേ പങ്കെടുക്കാനാവൂ. സമയപരിധി 5 മിനുട്ടാണ്. പരമ്പരാഗത ഗാനങ്ങൾ മാത്രമേ ആലപിക്കാനാകു എന്നില്ല. എന്നാൽ സിനിമാപ്പാട്ടുകൾ പാടില്ല. |
| 7 | മാപ്പിളപ്പാട്ട്<br>(സംഘം) | | ഒരു കോളേജിൽ നിന്ന് 6 പേരുള്ള ഒരു സംഘത്തിനു മാത്രമേ പങ്കെടുക്കാനാവൂ. സിനിമാപ്പാട്ടുകൾ പാടില്ല. വാദ്യോപ കരണങ്ങൾ പാടുന്നവർ തന്നെ കൈകാര്യം ചെയ്യണം. |
| 8 | ഗസൽ<br>ആൺ | | ഒരു കോളേജിൽ നിന്ന് ഒരു ആൺകുട്ടിക്കും ഒരു പെൺകുട്ടിക്കും പങ്കെടുക്കാം. സമയപരിധി 5 മിനുട്ടാണ്. 2 |

| | | | |
|---|---|---|---|
| | പെൺ | | പേരെ അകമ്പടിക്കാരായി ഉപയോഗിക്കാം. മലയാളം, ഹിന്ദി, ഉർദു തുടങ്ങിയ ഭാഷകളിലെ ഗസലുകളാണ് പാടേണ്ടത്. സിനിമാപ്പാട്ടുകൾ പാടില്ല. ഇലക്ട്രോണിക് വാദ്യോപകരണങ്ങൾ അകമ്പടിയായി ഉപയോഗിക്കരുത്. |
| 9 | നാടൻപാട്ട് | | ഒരു കോളേജിൽ നിന്ന് 6 പേരുള്ള ഒരു സംഘമായിട്ടാണ് പങ്കെടുക്കേണ്ടത്. സമയപരിധി 10 മിനുട്ട്. കേരളത്തിലുള്ള ഏതു പ്രദേശത്തെ നാടൻ പാട്ടും പാടാം. മലയാളമല്ലെങ്കിൽ ഗാനത്തിന്റെ അർത്ഥചുരുക്കം മത്സരത്തിനു അര മണിക്കൂർ മുമ്പ് സംഘാടകരെ ഏൽപ്പിക്കണം. സിനിമാപ്പാട്ടുകൾ പാടില്ല. മെയ്ക്കപ്പിനോ വസ്ത്രശോഭയ്ക്കോ ആഭരണങ്ങൾക്കോ വിധി നിർണയത്തിൽ പ്രസക്തിയില്ല. ഇലക്ട്രോണിക് വാദ്യോപകരണങ്ങളോ ആധുനിക വാദ്യോപകരണങ്ങളോ അകമ്പടിയായി ഉപയോഗിക്കാൻ പാടില്ല. |
| 10 | ഉപകരണ സംഗീതം<br>ചെണ്ട, ഇടക്ക,<br>മദ്ദളം, തബല,<br>മൃദംഗം, ഘടം | | ഒരു കോളേജിൽ നന്ന് ഒരിനത്തിൽ ഒരാൾക്ക് മാത്രമേ പങ്കെടുക്കാനാവൂ. സമയപരിധി 10 മിനുട്ട് ആണ്.<br>(ഗിറ്റാർ മത്സരത്തിൽ ഫ്ളാഞ്ചർ, ഡിലെ യൂണിറ്റ് എന്നിവ ഉപയോഗിക്കരുത്) |
| 11 | ഉപകരണ സംഗീതം<br>(പാശ്ചാത്യം)<br>ജാസ്, ഗിറ്റാർ വയലിൻ | | |
| 12 | ഉപകരണ സംഗീതം<br>(പൗരസ്ത്യം)<br>വയലിൻ, വീണ,<br>പുല്ലാംകുഴൽ,<br>നാഗസ്വരം,<br>ഹാർമോണിയം | | ഒരു കോളേജിൽ നിന്ന് ഒരിനത്തിൽ ഒരാൾക്ക് മാത്രമേ പങ്കെടുക്കാനാവൂ. സമയപരിധി 10 മിനുട്ടാണ്. |
| 13 | കഥകളി സംഗീതം | | ഒരു കോളേജിൽ നിന്ന് ഒരാൾക്ക് മാത്രമേ പങ്കെടുക്കാനാവൂ. സമയപരിധി 10 മിനുട്ട്. വാദ്യോപകരണമായി ചേങ്ങില ഉപയോഗിക്കാം. ഇത് പാടുന്ന ആൾ തന്നെ കൈകാര്യം ചെയ്യണം. |
| 14 | അഷ്ടപദി | | ഒരു കോളേജിൽ നിന്ന് ഒരാൾക്ക് മാത്രമേ പങ്കെടുക്കാനാവൂ സമയപരിധി 10 മിനുട്ട്. രാഗം പാടി, ശ്ലോകം കഴിഞ്ഞ്, പദം തുടങ്ങണം. ഏത് രാഗത്തിലാണോ പദം പാടുന്നത് ആ രാഗത്തിൽ തന്നെ രാഗാലാപനവും നടത്തണം. ജയദേവരുടെ ഗീതാഗോവിന്ദത്തിലെ ചിട്ടപ്പെടുത്തിയ പദം, ഇടയ്ക്കയോ, ചേങ്ങിലയോ (ഇവ പാടുന്ന ആൾ തന്നെ ഉപയോഗിക്കണം) ഉപയോഗിച്ച് അവതരിപ്പിക്കണം. |

ഡി – നൃത്തോത്സവം

| | | | |
|---|---|---|---|
| 1 | ശാസ്ത്രീയ നൃത്തം<br><br>കഥകളി<br>മോഹിനിയാട്ടം<br>ഭരതനാട്യം – ആൺ/ പെൺ<br>കുച്ചിപ്പുഡി – ആൺ/ പെൺ<br>കേരളനടനം | | ഒരു കോളേജിൽ നിന്ന് ഒരിനത്തിൽ ഒരാൾക്ക് മാത്രമേ പങ്കെടുക്കാനാവൂ. കഥകളി ഒഴിച്ചുള്ളതിനെല്ലാം 10 മിനുട്ടാണ് സമയപരിധി. കഥകളിക്ക് 15 മിനുട്ടും അകമ്പടിക്കായി പരമാവധി അഞ്ചുപേരെ ഉപയോഗിക്കാവുന്നതാണ്. |
| 2 | ഓട്ടൻതുള്ളൽ<br>(ആൺ-പെൺ) | | ഒരു കോളേജിൽ നിന്ന് ഒരാൾ മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ. സമയപരിധി 10 മിനുട്ടാണ്. നാലു പേരെ അകമ്പടിക്കായി ഉപയോഗിക്കാവുന്നതാണ്. |
| 3 | നാടോടി നൃത്തം<br>(വ്യക്തി)<br><br>ആൺ<br>പെൺ | | ഒരു കോളേജിൽ നിന്ന് ഒരു ആൺകുട്ടിക്കും ഒരു പെൺകുട്ടിക്കും പങ്കെടുക്കാം. പരമാവധി സമയം 5 മിനുട്ടാണ്. അകമ്പടിക്കായി അഞ്ചുപേർ വരെയാകാം. |
| 4 | നാടോടി നൃത്തം<br>(സംഘം) | | ഒരു കോളേജിൽ നിന്ന് 10 പേർ അടങ്ങുന്ന ഒരു ടീമായിട്ടാണ് മത്സരക്കേണ്ടത്. ഇന്ത്യയിലെ ഏത് ഫോക് നൃത്തരൂപവും അവതരിപ്പിക്കാം. മലയാളമല്ലെങ്കിൽ നൃത്തരൂപത്തിന്റെ പേര്, പ്രദേശം, ഗാനത്തിന്റെ അർത്ഥച്ചുരുക്കം എന്നിവയടങ്ങിയ കുറിപ്പ് മത്സരത്തിന് അരമണിക്കൂർ മുമ്പ് നൽകിയിരിക്കണം. ഇത് സാധാരണ അവതരിപ്പിക്കുന്ന സംഘനൃത്തമല്ല. സമയം 10 മിനുട്ട്. മറ്റുതരത്തിൽ മത്സര ഇനങ്ങളായിട്ടുള്ള നൃത്തരൂപങ്ങൾ ഇതിൽ മത്സരിക്കാൻ പാടില്ല. |
| 5 | സംഘനൃത്തം<br><br>ആൺ<br>പെൺ | | ഒരു കോളേജിൽ നിന്ന് 7 മുതൽ 8 വരെ പേർ ഉള്ള ടീമായിട്ടാണ് പങ്കെടുക്കേണ്ടത്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേറെ വേറെ മത്സരം. 10 മിനുട്ടാണ് മത്സര സമയം. നർത്തകർ തമ്മിലുള്ള ചേർച്ച, വേഷവിധാനം, ഒരേ തരത്തിലുള്ള ചലനം, താളം, അവതരണം, ആശയം എന്നിവയാണ് .പരിഗണിക്കേണ്ടത്. |
| 6 | തിരുവാതിരക്കളി | | ഒരു കോളേജിൽ നിന്ന് 10 പേരുള്ള ഒരു സംഘം ആയിട്ടാണ് പങ്കെടുക്കേണ്ടത്. 8 പേർ നൃത്തം ചെയ്യാനും 2 പേർ അതേ വേഷത്തിൽ വേദിയിൽ പിൻപാട്ട് പാടാനും, പാടുന്നത് |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥിനികൾ തന്നെ ആയിരിക്കണം. ഈ രണ്ട് പേർക്ക് കുഴിത്താളം മാത്രം വാദ്യോപകരണമായി ഉപയോഗിക്കാം. പരമാവധി സമയം 10 മിനുട്ടാണ്. പരമ്പരാഗത രീതിയിലുള്ള തിരുവാതിരക്കളി തന്നെ ആയിരിക്കണം മറ്റൊരു വാദ്യോപകരണവും ഉപയോഗിക്കാൻ പാടില്ല. നിറപറ, നിലവിളക്ക്, പൂക്കുല എന്നിവ സംഘാടകർ ഒരുക്കും. |
| 7 | കോൽക്കളി | | ഒരു കോളേജിൽ നിന്ന് 12 പേർ വരെയുള്ള ഒരു ടീം ആയിട്ടാണ് പങ്കെടുക്കേണ്ടത്. സമയപരിധി 10 മിനുട്ടാണ്. പരമ്പരാഗത രീതിയിലുള്ള കോൽക്കളി തന്നെയായിരിക്കണം അവതരിപ്പിക്കേണ്ടത്. |
| 8 | മാർഗ്ഗം കളി | | ഒരു കോളേജിൽ നിന്ന് 8 അംഗങ്ങളുള്ള ഒരു ടീം ആയിട്ടാണ് പങ്കെടുക്കേണ്ടത്. സമയപരിധി 10 മിനുട്ട്. പരമ്പരാഗത വേഷത്തിലും രീതിയിലുമാണ് അവതരിപ്പിക്കേണ്ടത്. പിന്നണി ഇല്ല. കുഴിത്താളം മാത്രം ഉപയോഗിക്കാം. പങ്കെടുക്കുന്നവർ തന്നെ പാടണം. രംഗവിളക്ക് ഉണ്ടാവണം. |
| 9 | ഒപ്പന (പെൺകുട്ടികൾക്ക് മാത്രം) | | ഒരു കോളേജിൽ നിന്ന് 10 പേരടങ്ങുന്ന ഒരു ടീം ആയിട്ടാണ് പങ്കെടുക്കേണ്ടത്. സമയപരിധി 10 മിനുട്ട്. പക്കമേളമോ പിന്നണിയോ പാടില്ല. പങ്കെടുക്കുന്നവർ തന്നെ പാടണം. ഇശൽ, താളം, കയ്യടിയുടെ ചേർച്ച, പാട്ടിന്റെ സാഹിത്യം, ശ്രുതിലയവും ശബ്ദഭംഗിയും, തനിമയാർന്ന അവതരണം എന്നിവയാണ് പരിഗണിക്കേണ്ടത്. |
| 10 | പൂരക്കളി | | ഒരു കോളേജിൽ നിന്ന് പന്ത്രണ്ടു പേരുള്ള ഒരു ടീം ആയിട്ടു പങ്കെടുക്കണം പരമാവധി സമയം 15 മിനുട്ട്. |
| 11 | ദഫ് മുട്ട് | | ഒരു കോളേജിൽ നിന്ന് 10 പേരടങ്ങുന്ന ഒരു ടീമായിട്ടാണ്. പങ്കെടുക്കേണ്ടത്. പരമാവധി സമയം 10 മിനുട്ട്. പരമ്പരാഗത രൂപത്തിലും ഭാവത്തിലും അവതരിപ്പിക്കണം. |
| 12 | പരിചമുട്ടുകളി | | ഒരു കോളേജിൽ നിന്ന് 8 പേരുള്ള ഒരു ടീം (2 പേർ പിന്നണി ഗായകർ 6 പേർ അരങ്ങിൽ) ആയിട്ടാണ് പങ്കെടുക്കേണ്ടത്. സമയപരിധി 10 മിനുട്ടാണ്. |
| 13 | വട്ടപ്പാട്ട് (ആൺകുട്ടികൾക്ക് മാത്രം) | | സമയം 10 മിനുട്ട്. പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 10. പക്കമേളം പാടില്ല. മുൻ പാട്ടുകൾ നിർബന്ധമാണ് പിൻപാട്ടും വേണം. പാട്ടും താളത്തിനൊത്ത കൈയടിയുമാണ് മുഖ്യഘടകം. നൃത്തമല്ലാത്ത രൂപത്തിൽ ചാഞ്ഞും ചരിഞ്ഞുമുള്ള കൈയടിയും ചുറ്റിക്കളിയും ആകാം. മത്സരത്തിൽ പങ്കെടുക്കുന്ന 10 പേരും സ്റ്റേജിൽ അണി നിരക്കണം. 6 പേർ കളിക്കുകയും 3 പേർ പാടുകയും ചെയ്യണം. കളിക്കുന്നവർ തന്നെ പാടി അവതരിപ്പിക്കണം. ഒരു മണവാളൻ ഉണ്ടായിരിക്കണം. |

| | | | |
|---|---|---|---|
| | | | <u>മൂല്യനിർണ്ണയോപാധികൾ:</u><br>1) ഒപ്പനപ്പാട്ടിന്റെ ഇശൽ. 2) പാട്ടിന്റെ സാഹിത്യം 3) താളവും കൈയടിയുടെ ചേർച്ചയും 4) ശ്രുതിലയവും ശബ്ദഭംഗിയും 5) തനിമയാർന്ന അവതരണം 6) വേഷവും പശ്ചാത്തല സംഗീതവും 7) സംഘ നടനചേർച്ച |
| 14 | അറബനമുട്ട്<br>(ആൺകുട്ടികൾക്ക് മാത്രം) | | സമയം 10 മിനുട്ട്. പങ്കെടുക്കുന്നവരുടെ പരമാവധി എണ്ണം 10. |

<u>ഇ -ദൃശ്യനാടകോത്സവം</u>

| | | | |
|---|---|---|---|
| 1 | നാടകം<br><br>മലയാളം<br>ഇംഗ്ലീഷ്<br>ഹിന്ദി<br>കന്നട | | ഒരു കോളേജിൽ നിന്ന് 10 അംഗങ്ങളുള്ള ഒരു ടീം ആയിട്ടാണ് മത്സരിക്കേണ്ടത്. നാടകം അവതരിപ്പിക്കാൻ പരമാവധി 30 മിനുട്ടും ആരംഭത്തിൽ രംഗം ഒരുക്കാനും അവസാനത്തിൽ അഴിച്ചുകളയാനും മറ്റൊരു 30 മിനുട്ടും തരും (empty to empty) യാതൊരു കാരണവശാലും ഒരു നാടകം അരങ്ങിലേറി ഇറങ്ങാൻ 60 മിനുട്ടിൽ അധികം സമയം അനുവദിക്കില്ല. ഒരു കോളേജിന് 2 ഭാഷയിലധികം നാടകങ്ങളിൽ പങ്കെടുക്കാൻ പാടില്ല. അങ്ങനെ അവതരിപ്പിക്കുന്ന 2 നാടകങ്ങൾക്ക് ഇതിവൃത്തപരമായ സാമ്യത ഉണ്ടാവാൻ പാടില്ല. |
| 2 | തെരുവുനാടകം<br>മലയാളം | | ഒരു കോളേജിൽ നിന്ന് 10 പേരടങ്ങുന്ന ഒരു ടീമായി പങ്കെടുക്കാം. പരമാവധി സമയം 20 മിനുട്ട്. സംഘാടകർ ഒരുക്കുന്ന സ്റ്റേജില്ലാത്ത തെരുവ്/ഇടത്തിൽ തന്നെ അതവരിപ്പിക്കണം. |
| 3 | മൈം | | ഒരു കോളേജിൽ നിന്ന് 6 പേർ അങ്ങുന്ന ഒരു ടീം ആണ് പങ്കെടുക്കേണ്ടത്. പരമാവധി സമയം 5 മിനുട്ട്. പ്രകടനം ആംഗിക ശാരീരിക ചലനങ്ങളിലൂടെ മാത്രമേ പാടുള്ളൂ. ചുണ്ടനക്കി വാക്കുകൾ ഉച്ചരിക്കാൻ പാടില്ല. അരങ്ങിൽ നിന്ന് പുറത്തേക്കോ അണിയറയിലേക്കോ പോയി തിരിച്ചു വരാൻ പാടില്ല (No exit staging) |
| 4 | മോണോ ആക്ട് | | കോളേജിൽ നിന്ന് ഒരാൾക്ക് മാത്രമേ പങ്കെടുക്കാനാവൂ. പരമാവധി സമയം 5 മിനുട്ട് |
| 5 | കഥാപ്രസംഗം | | ഒരു കോളേജിൽ നിന്ന് ഒരാൾ മാത്രമേ പങ്കെടുക്കാവൂ. പരമാവധി 15 മിനുട്ടാണ് സമയപരിധി. മൂന്ന് അകമ്പടിക്കാരെ ഉപയോഗിക്കാവുന്നതാണ്. |
| 6 | മിമിക്രി | | ഒരു കോളേജിൽ നിന്ന് ഒരാൾ മാത്രമേ പങ്കെടുക്കാവൂ. പരമാവധി സമയം 5 മിനുട്ടാണ് ശബ്ദാനുകരണത്തിലെ |

| | | |
|---|---|---|
| | | വ്യത്യസ്തതയും വൈവിധ്യവുമാണ് മൂല്യനിർണ്ണയത്തിന് മാനദണ്ഡമാവുക. |
| 7 | ചാക്യാർകൂത്ത് | ഒരു കോളേജിൽ നിന്ന് ഒരാൾ മാത്രമേ പങ്കെടുക്കാവൂ. പരമാവധി 15 മിനുട്ട് സമയമാണ് മത്സരം. ആൺകുട്ടികൾ മാത്രമേ ഇതിൽ പങ്കെടുക്കാൻ പാടുള്ളൂ. അകമ്പടിയായി 4 പേരെ കൂട്ടാവുന്നതാണ്. |
| 8 | സ്കിറ്റ് | ഒരു കോളേജിൽ നിന്ന് 6 പേരുള്ള ഒരു ടീം ആയിട്ടാണ് മത്സരിക്കേണ്ടത്. സമയപരിധി 10 മിനുട്ടാണ്. വ്യക്തിഹത്യ, അശ്ലീല പരാമർശങ്ങൾ, സ്വഭാവഹത്യ എന്നിവ പാടില്ല. നിർദ്ദോഷമായ ഹാസ്യമായിരിക്കണം അടിസ്ഥാനം. ഇതിവൃത്തം, അഭിനയം, രംഗസംവിധാനം, സമഗ്രാഭിപ്രായം എന്നിവ അടിസ്ഥാനമാക്കിയാണ് മൂല്യനിർണ്ണയം. |
| 9 | യക്ഷഗാനം<br>(കന്നട മാത്രം) | 9 പേരുള്ള ഒരു ടീം ആയിട്ടാണ് പങ്കെടുക്കാവുന്നത് (കർട്ടൻ പിടിക്കുന്നവർ ഉൾപ്പെടെ).പരമാവധി സമയം 30 മിനുട്ട് അകമ്പടിയായി 3 പേരെ ഉപയോഗിക്കാവുന്നതാണ്. |
| 10 | നങ്ങ്യാർകൂത്ത്<br>(പെൺകുട്ടികൾക്ക് മാത്രം) | ഒരു മത്സരാർത്ഥി. 15 മിനുട്ട് സമയം. 4 അകമ്പടിക്കാർ ആവാം. |
| 11 | ഷോർട്ട് ഫിലിം | 15 പേരടങ്ങുന്ന ഒരു ടീം (അഭിനേതാക്കളും സാങ്കേതിക വിദഗ്ദരും ഉൾപ്പെടെ). 10 മിനുട്ട് ദൈർഘ്യം. മത്സരം നടക്കുന്ന സ്ഥാപനത്തിന്റെ നിശ്ചിത ചുറ്റളവിൽ വിഷയാധിഷ്ഠിതമായി ഫിലിം നിർമ്മിക്കണം. |

**കണ്ണൂർ സർവ്വകലാശാല യൂണിയൻ കലോത്സവം**

**മത്സര ഇനങ്ങൾ – ഒറ്റനോട്ടത്തിൽ**

| നമ്പർ | സാഹിത്യോത്സവം | പങ്കെടുക്കാവുന്നവരുടെ എണ്ണം | അകമ്പടിക്കാരുടെ എണ്ണം | സമയം (മിനുട്ട്) |
|---|---|---|---|---|
| | **ചെറുകഥാ രചന (ഏഴ് ഭാഷ)** | | | 120 |
| 1 | മലയാളം | 1 | | |
| 2 | ഹിന്ദി | 1 | | |
| 3 | ഇംഗ്ലീഷ് | 1 | | |
| 4 | ഉർദ്ദു | 1 | | |
| 5 | അറബിക് | 1 | | |
| 6 | സംസ്കൃതം | 1 | | |
| 7 | കന്നഡ | 1 | | |
| | **കവിതാ രചന (ഏഴ് ഭാഷ)** | | | |

| | | | | |
|---|---|---|---|---|
| | | | | 120 |
| 8 | മലയാളം | 1 | | |
| 9 | ഹിന്ദി | 1 | | |
| 10 | ഇംഗ്ലീഷ് | 1 | | |
| 11 | ഉർദ്ദു | 1 | | |
| 12 | അറബിക് | 1 | | |
| 13 | സംസ്കൃതം | 1 | | |
| 14 | കന്നഡ | 1 | | |
| | **പ്രബന്ധ രചന (ഏഴ് ഭാഷ)** | | | 120 |
| 15 | മലയാളം | 1 | | |
| 16 | ഹിന്ദി | 1 | | |
| 17 | ഇംഗ്ലീഷ് | 1 | | |
| 18 | ഉർദ്ദു | 1 | | |
| 19 | അറബിക് | 1 | | |
| 20 | സംസ്കൃതം | 1 | | |
| 21 | കന്നഡ | 1 | | |
| | **സിനിമാ നിരൂപണം (മൂന്ന് ഭാഷ)** | | | 90 |
| 22 | മലയാളം | 1 | | |
| 23 | ഹിന്ദി | 1 | | |
| 24 | ഇംഗ്ലീഷ് | 1 | | |
| | **തിരക്കഥാ രചന (ഡോക്യുമെന്ററി)** | | | 120 |
| 25 | മലയാളം | 1 | | |
| 26 | ഹിന്ദി | 1 | | |
| 27 | ഇംഗ്ലീഷ് | 1 | | |
| | **തിരക്കഥാ രചന (കഥാചിത്രം)** | | | 120 |
| 28 | മലയാളം | 1 | | |
| 29 | ഹിന്ദി | 1 | | |
| 30 | ഇംഗ്ലീഷ് | 1 | | |
| | **പ്രസംഗം (ഏഴ് ഭാഷ)** | | | 5 |
| 31 | മലയാളം | 1 | | |
| 32 | ഹിന്ദി | 1 | | |
| 33 | ഇംഗ്ലീഷ് | 1 | | |

| | | | | |
|---|---|---|---|---|
| 34 | ഉർദ്ദു | 1 | | |
| 35 | അറബിക് | 1 | | |
| 36 | സംസ്കൃതം | 1 | | |
| 37 | കന്നഡ | 1 | | |
| | **കവിതാലാപനം (ഏഴ് ഭാഷ)** | | | 6 |
| 38 | മലയാളം | 1 | | |
| 39 | ഹിന്ദി | 1 | | |
| 40 | ഇംഗ്ലീഷ് | 1 | | |
| 41 | ഉർദ്ദു | 1 | | |
| 42 | അറബിക് | 1 | | |
| 43 | സംസ്കൃതം | 1 | | |
| 44 | കന്നഡ | 1 | | |
| 45 | അക്ഷരശ്ലോകം | 1 | | മത്സരസമയം വിധികർത്താക്കൾ തീരുമാനിക്കും |
| 46 | കാവ്യകേളി | 1 | | |
| 47 | ക്വിസ് | 2 | | |
| 48 | ഡിബേറ്റ് (മലയാളം) | 2 | | 10 |
| 49 | ഡിബേറ്റ് (ഇംഗ്ലീഷ്) | 2 | | 10 |
| | **കുറുങ്കഥ (ഏഴ്ഭാഷ)** | | | 60 |
| 50 | മലയാളം | 1 | | |
| 51 | ഹിന്ദി | 1 | | |
| 52 | ഇംഗ്ലീഷ് | 1 | | |
| 53 | ഉർദ്ദു | 1 | | |
| 54 | അറബിക് | 1 | | |
| 55 | സംസ്കൃതം | 1 | | |
| 56 | കന്നഡ | 1 | | |
| | **വിക്കി ആർട്ടിക്കിൾ രചന** | | | 120 |
| 57 | മലയാളം | 1 | | |
| 58 | ഹിന്ദി | 1 | | |
| 59 | ഇംഗ്ലീഷ് | 1 | | |
| ആകെ ഇനങ്ങളുടെ എണ്ണം | | | | 59 |
| ഒരു കോളേജ് പങ്കെടുക്കാവുന്ന പരമാവധി ഇനങ്ങളുടെ എണ്ണം | | | | 27 |

**ചിത്രോത്സവം**

| | | | | |
|---|---|---|---|---|
| 60 | പെയിന്റിംഗ് - അക്രിലിക് | 1 | | 120 |
| 61 | പെയിന്റിംഗ് - എണ്ണച്ചായം | 1 | | 120 |
| 62 | പെയിന്റിംഗ്-ജലച്ചായം | 1 | | 120 |

| | | | | |
|---|---|---|---|---|
| 63 | പോസ്റ്റർ രചന | 1 | | 120 |
| 64 | പെൻസിൽ ഡ്രോയിംഗ് | 1 | | 120 |
| 65 | ചാർക്കോൾ ഡ്രോയിംഗ് | 1 | | 120 |
| 66 | കാർട്ടൂൺ രചന | 1 | | 120 |
| 67 | കാരിക്കേച്ചർ രചന | 1 | | 120 |
| 68 | കൊളാഷ് | 1 | | 150 |
| 69 | കളിമൺ പ്രതിമ നിർമ്മാണം | 1 | | 150 |
| 70 | എംബ്രോയിഡറി | 1 | | 150 |
| 71 | പൂക്കളം | 3 | | 180 |
| 72 | രംഗോളി | 1 | | 120 |
| 73 | ഫോട്ടോഗ്രാഫി | 1 | | സമയം വിധികർത്താക്കൾ തീരുമാനിക്കും |
| 74 | കംപ്യൂട്ടർ ഡിസൈനിംഗ് | 1 | | 90 |
| 75 | മെഹന്ദി ഡിസൈൻ | 2 | | 150 |
| ആകെ ഇനങ്ങളുടെ എണ്ണം | | | | 16 |
| ഒരു കോളേജ് പങ്കെടുക്കാവുന്ന പരമാവധി ഇനങ്ങളുടെ എണ്ണം | | | | 9 |

**സംഗീതോത്സവം**

| | | | | |
|---|---|---|---|---|
| 76 | ലളിതസംഗീതം (ആൺ) | 1 | | 5 |
| 77 | ലളിതസംഗീതം (പെൺ) | 1 | | 5 |
| 78 | കർണ്ണാടകസംഗീതം (ആൺ) | 1 | 2 | 15 |
| 79 | കർണ്ണാടകസംഗീതം (പെൺ) | 1 | 2 | 15 |
| 80 | ഹിന്ദുസ്ഥാനി സംഗീതം (ആൺ) | 1 | 2 | 15 |
| 81 | ഹിന്ദുസ്ഥാനി സംഗീതം (പെൺ) | 1 | 2 | 15 |
| 82 | സംഘഗാനം (ഇന്ത്യൻ) | 8 | | 10 |
| 83 | സംഘഗാനം (പാശ്ചാത്യം) | 8 | | 10 |
| 84 | പാശ്ചാത്യ സംഗീതം (വ്യക്തിഗതം) | 1 | | 5 |
| 85 | മാപ്പിളപ്പാട്ട് (വ്യക്തിഗതം) | 1 | | 5 |
| 86 | മാപ്പിളപ്പാട്ട് (സംഘം) | 6 | | 10 |
| 87 | ഗസൽ (ആൺ) | 1 | 2 | 5 |
| 88 | ഗസൽ (പെൺ) | 1 | 2 | 5 |
| 89 | നാടൻപാട്ട് | 6 | | 10 |
| 90 | ചെണ്ട | 1 | | 10 |
| 91 | ഇടക്ക | 1 | | 10 |
| 92 | മദ്ദളം | 1 | | 10 |
| 93 | തബല | 1 | | 10 |
| 94 | മൃദംഗം | 1 | | 10 |

| | | | | |
|---|---|---|---|---|
| 95 | ഘടം | 1 | | 10 |
| 96 | ജാസ് (പാശ്ചാത്യം) | 1 | | 10 |
| 97 | ഗിറ്റാർ (പാശ്ചാത്യം) | 1 | | 10 |
| 98 | വയലിൻ (പൗരസ്ത്യം) | 1 | | 10 |
| 99 | വീണ (പൗരസ്ത്യം) | 1 | | 10 |
| 100 | പുല്ലാങ്കുഴൽ (പൗരസ്ത്യം) | 1 | | 10 |
| 101 | നാഗസ്വരം (പൗരസ്ത്യം) | 1 | | 10 |
| 102 | ഹാർമോണിയം (പൗരസ്ത്യം) | 1 | | 10 |
| 103 | വയലിൻ (പാശ്ചാത്യം) | 1 | | 10 |
| 104 | കഥകളി സംഗീതം | 1 | | 10 |
| 105 | അഷ്ടപദി | 1 | | 10 |
| | ആകെ ഇനങ്ങളുടെ എണ്ണം | 30 | | |
| | ഒരു കോളേജ് പങ്കെടുക്കാവുന്ന ഇനങ്ങളുടെ എണ്ണം | | | 17 |

**നൃത്തോത്സവം**

| | | | | |
|---|---|---|---|---|
| 106 | കഥകളി | 1 | 5 | 15 |
| 107 | മോഹിനിയാട്ടം | 1 | 5 | 10 |
| 108 | ഭരതനാട്യം (ആൺ) | 1 | 5 | 10 |
| 109 | ഭരതനാട്യം (പെൺ) | 1 | 5 | 10 |
| 110 | കുച്ചിപ്പുഡി (ആൺ) | 1 | 5 | 10 |
| 111 | കുച്ചിപ്പുഡി (പെൺ) | 1 | 5 | 10 |
| 112 | കേരളനടനം | 1 | 5 | 10 |
| 113 | ഓട്ടൻതുള്ളൽ | 1 | 5 | 10 |
| 114 | നാടോടി നൃത്തം (വ്യക്തി) ആൺ | 1 | 5 | 5 |
| 115 | നാടോടി നൃത്തം (വ്യക്തി) പെൺ | 1 | 5 | 5 |
| 116 | നാടോടി നൃത്തം (സംഘം) | 10 | | 10 |
| 117 | സംഘനൃത്തം (ആൺ) | 8 | | 10 |
| 118 | സംഘനൃത്തം (പെൺ) | 7-8 | | 10 |
| 119 | തിരുവാതിരക്കളി (പെൺ) | 8 | 2 | 10 |
| 120 | കോൽക്കളി | 12 | | 10 |
| 121 | മാർഗ്ഗംകളി | 8 | | 10 |
| 122 | ഒപ്പന (പെൺകുട്ടികൾക്കു മാത്രം) | 10 | | 10 |
| 123 | പൂരക്കളി | 12 | | 15 |
| 124 | ദഫ്മുട്ട് (ആൺകുട്ടികൾക്ക് മാത്രം) | 10 | | 10 |
| 125 | പരിചമുട്ടുകളി | 6 | 2 | 8 |

| | | | | |
|---|---|---|---|---|
| 126 | വട്ടപ്പാട്ട് | 10 | | 10 |
| 127 | അറബന മുട്ട് | 10 | | 10 |
| | ആകെ ഇനങ്ങളുടെ എണ്ണം | | | 22 |
| | ഒരു കോളേജ് പങ്കെടുക്കാവുന്ന പരമാവധി ഇനങ്ങളുടെ എണ്ണം | | | 12 |
| | **ദൃശ്യനാടകോത്സവം** | | | |
| 128 | മലയാളം നാടകം | 10 | | 30 |
| 129 | ഹിന്ദി നാടകം | 10 | | 30 |
| 130 | ഇംഗ്ലീഷ് നാടകം | 10 | | 30 |
| 131 | കന്നഡ നാടകം | 10 | | 30 |
| 132 | തെരുവു നാടകം മലയാളം | 10 | | 20 |
| 133 | മൈം | 6 | | 5 |
| 134 | സ്കിറ്റ് (മലയാളം) | 6 | | 10 |
| 135 | മോണോ ആക്ട് | 1 | | 5 |
| 136 | കഥാപ്രസംഗം | 1 | 3 | 15 |
| 137 | മിമിക്രി | 1 | | 5 |
| 138 | ചാക്യാർകൂത്ത് | 1 | 4 | 15 |
| 139 | യക്ഷഗാനം | 9 | 3 | 30 |
| 140 | നങ്ങ്യാർകൂത്ത് | 1 | 4 | 15 |
| 141 | ഷോർട്ട് ഫിലിം | 15 | | 10 |
| ദൃശ്യ നാടകോത്സവത്തിൽ ആകെ ഇനങ്ങളുടെ എണ്ണം | | | | 14 |
| ഒരു കോളേജ് പങ്കെടുക്കാവുന്ന പരമാവധി ഇനങ്ങളുടെ എണ്ണം | | | | 8 |
| ഒരു കോളേജിനു മത്സരിക്കാവുന്ന നാടകങ്ങളുടെ എണ്ണം | | | | 2 |

************